ടെയും പ്രശസ്തരായ ട്രേഡ് യൂണിയൻ നേതാക്കളുടെയും ഒരു കമ്മിറ്റി രൂപീകരിക്കുവാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒ.പി. നം: 15147/92 സി. 6.1.1998-ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) 21.12.98 ലെ സർക്കാർ ഉത്തരവ് (സാധാരണ) നം:4044/98/എൽ. ബി.ആർ. പ്രകാരം ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

62 (1711) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമപദ്ധതി

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എം. നാരായണൻ (കുഴൽ മന്ദം) :
ശ്രീ. എ. കണാരൻ :

ശ്രീ. എളമരം കരിം. താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ പദ്ധതി വല്ലതും ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ചുമട്ടു തൊഴിലാളികളെ ഈ ക്ഷേമനിധിയുടെ കീഴിൽ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ കുറിച്ച് സർക്കാർ എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത സർവ്വേ റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികളെ ചുമട്ടുതൊഴിലാളി ക്ഷേമനിധിയുടെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) സർവ്വേ നടത്തിയിട്ടില്ല.

63 (1712) ഫാക്ടറി തൊഴിലാളികൾക്ക് കുറഞ്ഞ കൂലി ഉറപ്പുവരുത്താൻ സംവിധാനം

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടറി തൊഴിലാളികൾക്ക് കൊടുക്കേണ്ട കുറഞ്ഞ കൂലി സംബന്ധിച്ച് എന്തെങ്കിലും നിബന്ധനകൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് കൊടുക്കുന്നു എന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം നിലവിലുണ്ടോ:

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മിനിമം വേജസ് ആക്ട് 1948-ന്റെ ഷെഡ്യൂളിൽപ്പെടുത്തിയിരിക്കുന്ന ഫാക്ടറികളിലെ തൊഴിലുടമകൾക്കു മാത്രമേ കുറഞ്ഞകൂലി ബാധകമാകുകയുള്ളൂ.

(ബി) മിനിമം വേജസ് ബാധകമാക്കിയിട്ടുള്ള ചില മേഖലകളിലെ ഫാക്ടറികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. കശുവണ്ടി ഫാക്ടറികൾ.
2. ഐസ് ഫാക്ടറികൾ.
3. ക്രംബ് റബ്ബർ ഫാക്ടറികൾ.

(സി) ഉണ്ട്.

(ഡി) മിനിമം വേജസ് തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താനും അവ നടപ്പിലാക്കുന്നതിനുംവേണ്ടി 100 അസിസ്റ്റന്റ് ലേബർ ഓഫീസർ, ഗ്രേഡ്-2ലുള്ള ഇൻസ്പെക്ടർമാരേയും അവരുടെ മേൽനോട്ടം വഹിക്കുവാൻ 11 ജില്ലാ ലേബർ ഓഫീസർമാരേയും സംസ്ഥാനത്ത് നിയോഗിച്ചിട്ടുണ്ട്.

64 (1713) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടന

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിദേശമദ്യം, ബാർ എന്നീ മേഖലകളിലെ തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) വളരെ കുറച്ച് തൊഴിലാളികളെ മാത്രം വച്ച് ബോർഡിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നത് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയില്ലെ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിൽ പുനഃസംഘടന ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ബോർഡിൽ എത്ര ജീവനക്കാർ ഉണ്ടായിരുന്നു; ഇപ്പോൾ എത്ര പേർ ഉണ്ട്;

(ഇ) പുനഃസംഘടന വരുമ്പോൾ എത്ര ഓഫീസുകളും, എത്ര ജീവനക്കാരും ആവശ്യമാണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly